## 'മധുരമായ കുട്ടികളെ – ഇപ്പോൾ ഘോരാന്ധകാരം, ഭയാനകരാത്രി പൂർത്തിയായിക്കൊണ്ടിരിക്കുന്നു, നിങ്ങൾക്ക് പകലിലേക്ക് പോകണം, ഇത് ബ്രഹ്മാവിന്റെ പരിധിയില്ലാത്ത പകലിന്റേയും, രാത്രിയുടേയും കഥ തന്നെയാണ് '

**ചോദ്യം**–സെക്കന്റിൽ ജീവന്മുക്തി പ്രാപ്തമാക്കുന്നതിന് അഥവാ വജ്രതുല്യ ജീവിതമുണ്ടാക്കുന്നതിന്റെ ആധാരം എന്ത് ?
**ഉത്തരം** –സത്യമായ ഗീത, ഭഗവാൻ ഉച്ചരിച്ച ശ്രീമതം. ബാബ സന്മുഖത്തിരുന്ന് നിങ്ങൾക്ക് എന്ത് നിർദ്ദേശങ്ങളാണോ നൽകുന്നത് ഇത് സത്യമായ ഗീതയാണ്, അതിലൂടെ നിങ്ങൾക്ക് സെക്കന്റിൽ ജീവന്മുക്തി പദവിയുടെ പ്രാപ്തി ഉണ്ടാകുന്നു. നിങ്ങൾ വജ്രതുല്യരാകുന്നു.

**ചോദ്യം**– സ്വർഗത്തിന്റെ അളവറ്റ സുഖം ഏതു പുരുഷാർഥത്തിന്റെ ആധാരത്തിലൂടെ ലഭിക്കുന്നു?
**ഉത്തരം** – പതിവായുള്ള പഠനത്തിലൂടെയും യോഗത്തിലൂടെയും സ്വർഗത്തിന്റെ അളവറ്റ സുഖം ലഭിക്കും അതിനാൽ പഠിപ്പിൽ ഒരിക്കലും ക്ഷീണിക്കരുത്. ബാബ ടീച്ചറായി പഠിപ്പിക്കുകയാണ് അപ്പോൾ നിങ്ങൾ നല്ല മാർക്കിലൂടെ പാസാകുവാൻ പുരുഷാർഥം ചെയ്യൂ, ഇതിൽ ആശീർവാദം അഥവാ കൃപയുടെ കാര്യമില്ല.

**ഗീതം** –രാത്രിയിലെ യാത്രക്കാരാ ക്ഷീണിക്കരുത്.........

**ഓംശാന്തി**. ഇപ്പോൾ ഈ ഗീതം നിങ്ങൾ കുട്ടികളല്ല ഉണ്ടാക്കിയത്, ഇത് സിനിമാക്കാരിരുന്ന് ഉണ്ടാക്കിയതാണ്. അർത്ഥമൊന്നും മനസിലാക്കുന്നില്ല. ഓരോ കാര്യത്തിന്റേയും അർത്ഥം മനസിലാക്കാത്തത് കാരണം അനർത്ഥമായി തീർന്നു. പാടുന്നുണ്ട്, ഒന്നും തന്നെ മനസിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ശ്രീമതം ലഭിച്ചിരിക്കുന്നു. ആരുടെ? ഭഗവാന്റെ. ഭക്തർ ഭഗവാനേ തന്നെ മനസിലാക്കുന്നില്ല എങ്കിൽ ആ ഭക്തരുടെ സദ്ഗതി എങ്ങിനെ ഉണ്ടാകാനാണ് ?ഭക്തരുടെ രക്ഷകനാണ് ഭഗവാൻ. രക്ഷ യാചിക്കുന്നു, തീർച്ചയായും എന്തെങ്കിലും ദു:ഖമുണ്ടാകും, ഞങ്ങളെ രക്ഷിക്കൂ. ധാരാളം പേർ പാടുന്നുണ്ട്, എന്നാൽ ഭഗവാൻ ആരാണ്, ആരിൽ നിന്ന് രക്ഷിക്കണം, ഒട്ടും തന്നെ മനസിലാക്കുന്നില്ല. ഭക്തർ അഥവാ കുട്ടികൾ സ്വന്തം അച്ഛനെ അറിയാത്തത് കാരണം എത്ര ദു:ഖം അനുഭവിക്കേണ്ടി വരുന്നു. ഇപ്പോൾ ഇതിന്റെ അർത്ഥം നിങ്ങൾ കുട്ടികൾ മനസിലാക്കി. ഇപ്പോൾ ഘോരാന്ധകാരമുള്ള ഭയാനക രാത്രിയാണ്, അരകൽപ്പത്തെ രാത്രി. രാത്രി എന്ന് ഏതിനേയാണ് പറയുന്നത് എന്ന് ഏതൊരു വിദ്വാനും, പണ്ഡിതനും, ആചാര്യനും ഒന്നും അറിയുന്നില്ല. ഈ മൃഗങ്ങൾക്ക് പോലും അറിയാം രാത്രി ഉറങ്ങാനുള്ളതാണ്, പകൽ ഉണർന്നിരിക്കാനും എന്ന്. പക്ഷികളും രാത്രിയിൽ ഉറങ്ങുന്നു, പകലാകുമ്പോൾ പറക്കാൻ തുടങ്ങുന്നു. ആ രാത്രിയും പകലും സാധാരണമാണ്. ഇത് ബ്രഹ്മാവിന്റെ പരിധിയില്ലാത്ത രാത്രിയും പരിധിയില്ലാത്ത പകലും ആണ്. പരിധിയില്ലാത്ത പകൽ സത്യ–ത്രേതായുഗവും, രാത്രി ദ്വാപര കലിയുഗവും. പകുതി പകുതി വേണ്ടേ. പകലിന്റെ ആയുസ്സും 2500 വർഷമാണ്. ഈ രാത്രിയേയും പകലിനേയും ആരും മനസിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം രാത്രി പൂർത്തിയാകുന്നു അതായത് 84 ജന്മം പൂർത്തിയാകുന്നു അഥവാ ഡ്രാമയുടെ ചക്രം പൂർത്തിയാകുന്നു വീണ്ടും പകൽ ആരംഭിക്കുന്നു. രാത്രിയെ പകലും, പകലിനെ രാത്രിയും ആക്കുന്നത് ആരാണ്, ഇതും ആരും മനസിലാക്കുന്നില്ല. ഭഗവാനേ തന്നെ അറിയുന്നില്ല എങ്കിൽ ഈ കാര്യങ്ങളെല്ലാം എങ്ങിനെ മനസിലാക്കാനാണ്. മനുഷ്യർ പൂജ ചെയ്യുന്നു. എന്നാൽ ഇതാരാണ്, ആരുടെ പൂജയാണ് ഞങ്ങൾ ചെയ്യുന്നത്, എന്ന് മനസിലാക്കുന്നില്ല. ഏറ്റവും ആദ്യത്തെ കാര്യം ഗീതയെ ഖണ്ഡിച്ചു എന്നതാണ്. ശ്രീമത് ഭഗവത് ഗീത എന്ന് പറയുന്നു. ഗീതയുടെ പതി ഭഗവാനാണ്, മറ്റ് മനുഷ്യരൊന്നുമല്ല. ബ്രഹ്മാ വിഷ്ണു ശങ്കരനെ ദേവത എന്ന് പറയുന്നു, സത്യയുഗത്തിലെ മനുഷ്യരെ ദേവതാഗുണമുള്ളവർ എന്നും പറയുന്നു. ദേവീക ധർമ്മത്തിലുള്ള ശ്രേഷ്ഠാചാരികളെ ദേവതാഗുണങ്ങളുള്ളവർ എന്ന് പറയുന്നു. ഭാരതത്തിലെ ആളുകൾ ശ്രേഷ്ഠാചാരികളായിരുന്നു. അവർ തന്നേയാണ് പിന്നീട് ആസുരീയ ഗുണങ്ങളുള്ളവരായി തീരുന്നത്. മുഖ്യമായും ധർമ്മ ശാസ്ത്രങ്ങൾ നാലെണ്ണമാണ്. മറ്റുള്ളവയൊന്നും തന്നെ ധർമ്മശാസ്ത്രങ്ങളല്ല. ഉണ്ടെങ്കിൽ തന്നെ ചെറിയ ചെറിയ മഠങ്ങൾ സ്ഥാപിക്കുന്നു. സന്യാസിമാരുടെ മഠം, ബൗദ്ധരുടെ മഠം എന്നപോലെ. ബുദ്ധൻ ബുദ്ധമതം സ്ഥാപിച്ചു,ഞങ്ങളുടേത് ഇന്ന ധർമ്മശാസ്ത്രമാണ് എന്ന് അവർ പറയും. ഇപ്പോൾ ഭാരതീയരുടെ ധർമ്മശാസ്ത്രം ഒന്ന് മാത്രമാണ്. സത്യയുഗീ ദേവീ ദേവതാ ധർമ്മത്തിന്റെ ശാസ്ത്രം ഒന്ന് മാത്രമാണ്, അതിനെ ശ്രീമത് ഭഗവത് ഗീത എന്ന് പറയുന്നു. ഗീത മാതാവാണ്,

അതിന്റെ രചയിതാവ് പരമപിതാ പരമാത്മാവാണ്. കൃഷ്ണന്റെ ആത്മാവ് 84 ജന്മം പൂർത്തിയാക്കുമ്പോൾ ഗീതയുടെ ഭഗവാനായ പരമപിതാ പരമാത്മാവിൽ നിന്ന് സഹജ രാജയോഗവും ജ്ഞാനവും പഠിച്ച് ഉയർന്ന പദവി നേടുന്നു. ഇങ്ങിനെയുള്ള ഉയർന്നതിലും ഉയർന്ന ധർമ്മ ശാസ്ത്രത്തേ ഖണ്ഡിച്ചിരിക്കുന്നു. ആ കാരണം കൊണ്ട് തന്നെ ഭാരതം കക്കയ്ക്ക് സമാനമായി. ഡ്രാമയിലെ ഒരു തെറ്റ് എന്തെന്നാൽ ഗീതയുടെ ഖണ്ഡനം ചെയ്തു എന്നത്. ഇപ്പോൾ ബാബ കേൾപ്പിക്കുന്ന സത്യമായ ഗീത പുറത്തിറക്കണം. സത്യമായ ഗീത ഗവൺമെന്റിനെക്കൊണ്ട് അച്ചടിപ്പിക്കണം. ഇതാണ് ശ്രീമത് ഭഗവാനുവാച. കുട്ടികൾക്ക് ബാബ നിർദ്ദേശം നൽകുന്നു – നല്ല രീതിയിൽ ചുരുക്കി എഴുതണം. സത്യമായ ഗീതയിലൂടെ സെക്കന്റിൽ ജീവന്മുക്തി ലഭിക്കും എന്ന് നിങ്ങൾക്കറിയാം. ബാബയുടേതായി ബാബയിൽ നിന്ന് സമ്പത്തെടുക്കണം. വിത്ത്, വൃക്ഷം, ഡ്രാമയുടെ ചക്രം എല്ലാം മനസിലാക്കി കൊടുക്കണം, പാടാറുണ്ട്– സത്യയുഗ ആദി യിൽ സത്യമാണ്, അത് സത്യമാണ്, ഇനിയും സത്യമായിരിക്കും. വൃക്ഷത്തെ അറിയുക എളുപ്പമാണ്. അതിന്റെ ബീജം മുകളിലാണ്. ഇത് വിവിധ ധർമ്മങ്ങളുടെ വൃക്ഷമാണ്. ഇതിൽ എല്ലാവരും വരുന്നു. ബാക്കി ചെറിയ ചെറിയ ചില്ലകൾ ധാരാളമുണ്ട്, മഠങ്ങളും ആശ്രമങ്ങളും വളരെ ഉണ്ട്. ഭാരതത്തിന്റേത് ആദി സനാതന ദേവീ ദേവതാധർമ്മമാണ്, അത് ആര് സ്ഥാപിച്ചു?ഭഗവാൻ. ഏതൊരു മനുഷ്യനുമല്ല സ്ഥാപിച്ചത്. ശ്രീകൃഷ്ണൻ ദേവീക ഗുണങ്ങളുള്ള മനുഷ്യനായിരുന്നു, അദ്ദേഹം 84 ജന്മം പൂർത്തിയാക്കി ഇപ്പോൾ അന്തിമ ജന്മത്തിലാണ്. സൂര്യവംശികളും, ചന്ദ്രവംശികളും, വൈശ്യവംശികളും ആയി ആയി കലകൾ കുറഞ്ഞ് വരുന്നു. സൂര്യവംശീ രാജധാനി സത്യയുഗത്തിൽ ശ്രേഷ്ഠാചാരിയായിരുന്നു അത് തന്നെ കലിയുഗത്തിൽ ഭ്രഷ്ടാചാരിയായി തീർന്നിരിക്കുന്നു. ഇപ്പോൾ വീണ്ടും ശ്രേഷ്ഠാചാരിയായിക്കൊണ്ടിരിക്കുന്നു. ഉയർന്നതിലും ഉയർന്ന പാർട്ട് ആർക്കായിരിക്കും എന്ന് നിങ്ങളുടെ ബുദ്ധിയിൽ ഉണ്ട്. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി. മുഖ്യമായത് ശിവായ നമ: എന്നതാണ്, ശിവന്റെ മഹിമ ബ്രഹ്മാ വിഷ്ണു ശങ്കരനേ കുറിച്ച് പാടുക സാധ്യമല്ല. പ്രസിഡന്റിന്റെ മഹിമ പ്രധാനമന്ത്രിക്കോ മറ്റാർക്കെങ്കിലുമോ നൽകുമോ ?ഇല്ല. വേറെ വേറെ പദവികളല്ലേ. എല്ലാം ഒരാൾ തന്നെ ആകുക സാധ്യമല്ല. നിങ്ങൾ കുട്ടികൾക്കിപ്പോൾ ബുദ്ധി ലഭിച്ചു. ക്രിസ്തുവിനും തന്റെ ക്രിസ്തു മതം സ്ഥാപിക്കുന്നതിന്റെ പാർട്ട് ലഭിച്ചിരുന്നു എന്ന് നിങ്ങൾക്കറിയാം. ആത്മാവ് ബിന്ദുവാണ്. ആ ആത്മാവിൽ പാർട്ട് നിറഞ്ഞിരിക്കുന്നു. ക്രിസ്തുമതത്തിന്റെ സ്ഥാപന ചെയ്ത് പിന്നീട് പുനർജന്മമെടുത്ത് പാലന ചെയ്ത് സതോ രജോ തമോയിൽ വരുന്നു. അന്തിമത്തിൽ മുഴുവൻ വൃക്ഷവും ജീർണ്ണിക്കുക തന്നെ വേണം. ഓരോരുത്തർക്കും എത്ര എത്ര സമയത്തെ പാർട്ടാണ് ലഭിച്ചിരിക്കുന്നത്. ബുദ്ധന് എത്ര സമയം പാലന ചെയ്യണം – ഇത് നിങ്ങൾക്കറിയാം. ഭിന്ന ഭിന്ന നാമ രൂപങ്ങളിൽ ജന്മമെടുത്ത് കൊണ്ടിരിക്കുന്നു.

ഇപ്പോൾ ബാബ നിങ്ങളെ എത്ര വിശാല ബുദ്ധികളാക്കുന്നു.എന്നാൽ ചിലർ ബാബയേ ഓർമ്മിക്കുന്നേ ഇല്ല. പരിധിയില്ലാത്ത അച്ഛൻ സ്വർഗത്തിന്റെ സമ്പത്ത് നൽകുന്നു. ഇതും നിങ്ങൾക്ക് മനസിലാക്കാൻ സാധിക്കുന്നില്ല. ബാബ വളരെ തവണ മനസിലാക്കി തന്നു, ആത്മാവിൽ അവിനാശീ പാർട്ട് അടങ്ങിയിരിക്കുന്നു. ഒരു ശരീരം ഉപേക്ഷിച്ച് പിന്നീട് മറ്റൊന്ന് എടുക്കണം. എത്ര ഗുഹ്യമായ കാര്യമാണ് മനസിലാക്കാൻ. സ്ക്കൂളിൽ ദിവസവും പഠിക്കുന്നവർ മനസിലാക്കും. ചിലർ പോയി പോയി ക്ഷീണിക്കുന്നു. അങ്ങ് മാതാവും പിതാവും ഞങ്ങൾ അങ്ങയുടെ ബാലകർ..........എന്ന് പാടാറുണ്ട്, ബാബ പറയുന്നു നിങ്ങൾക്ക് സ്വർഗത്തിലെ സുഖ സമ്പത്തുക്കൾ നൽകുന്നതിന് പുരുഷാർത്ഥം ചെയ്യിച്ച് കൊണ്ടിരിക്കുന്നു. നിങ്ങൾ ക്ഷീണിക്കരുത്. ഇത്രയും ഉയർന്നതിലും ഉയർന്ന പഠിത്തം പഠിക്കുന്നത് നിങ്ങൾ ഉപേക്ഷിക്കുന്നു. ചിലർ പഠിത്തം ഉപേക്ഷിച്ച് പിന്നീട് വികാരത്തിലും പോകുന്നു. മുമ്പ് എങ്ങിനെ ആയി രുന്നോ അങ്ങിനെത്തന്നെയായിപ്പോകുന്നു. പോയി പോയി വീണ് പോകുകയാണെങ്കിൽ പിന്നെ എന്തുണ്ടാകും. അവിടെ സുഖത്തിലായിരിക്കും എന്നാൽ പദവിയിൽ വ്യത്യാസമുണ്ടാകില്ലേ. ഇവിടെ എല്ലാവരും ദു:ഖികളാണ്. അവിടെ രാജാവിനും പ്രജകൾക്കും എല്ലാം സുഖമായിരിക്കും. എന്നാലും പദവി ഉയർന്നതെടുക്കേണ്ടേ. പഠിത്തം ഉപേക്ഷിക്കുകയാണെങ്കിൽ നിങ്ങൾ യോഗ്യരല്ല എന്ന് മാതാവും പിതാവും പറയും. ബാബയിൽ നിന്ന് സമ്പത്തെടുത്തെടുത്ത് ചില കുട്ടികൾ ക്ഷീണിച്ച് പോകുന്നു. പോകെ പോകെ മായ യുദ്ധം ചെയ്യുമ്പോൾ മടങ്ങി പോകുന്നു. സമ്പാദിച്ചതൊന്നും പിന്നീട് ഉണ്ടാകുന്നില്ല. പിന്നെ എന്തായി തീരും ?സ്വർഗത്തിൽ തീർച്ചയായും പോകും, എന്നാൽ സാധാരണ പ്രജയിലേക്കായിരിക്കും പോകുക. ബാബ പറയുന്നു എന്റേതായി പിന്നീട് ക്ഷീണിച്ചിരുന്ന് പോയി അല്ലെങ്കിൽ കുലദ്രോഹിയായി തീർന്നു എങ്കിൽ പ്രജയിൽ ചണ്ഡാലനായി തീരും. എല്ലാവരും വേണ്ടേ. സ്വർഗത്തിലെ അധികാരിയാക്കുന്ന പഠിത്തം ഉപേക്ഷിക്കുകയാണെങ്കിൽ അവരേ പോലെ വലിയൊരു വിഡ്ഢി ലോകത്ത് വേറെയില്ല. അങ്ങ് തന്നെ മാതാവും പിതാവും ഞങ്ങൾ അങ്ങയുടെ മക്കൾ, അങ്ങയുടെ കൃപയാൽ സ്വർഗത്തിലെ സുഖ സമ്പത്ത് ലഭിക്കുന്നു എന്ന് എഴുതിയിട്ടുണ്ട്. കൃപ കാണിക്കൂ. ബാബ പറയുന്നു കൃപയുടെ കാര്യമേ ഇല്ല. ഞാൻ ടീച്ചറാണ്, പഠിപ്പിക്കും, നിങ്ങൾ നല്ല മാർക്കോടെ പാസാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ.

അല്ലാതെ ഞാൻ ഇരുന്ന് എല്ലാവർക്കും ആശീർവ്വാദം നൽകുകയൊന്നും ഇല്ല. നിങ്ങൾ യോഗത്തിലിരിക്കുകയാണെങ്കിൽ ശക്തി ലഭിക്കും. എല്ലാവരും സിംഹാസനത്തിൽ ഇരിക്കുകയൊന്നും ഇല്ല. ഒരാൾ മറ്റൊരാളുടെ തലയിൽ ഇരിക്കുമോ. ധർമ്മം മുഖ്യമായും നാലെണ്ണമാണ്, ശാസ്ത്രവും നാലെണ്ണം. അതിൽ മുഖ്യം ഗീതയാണ്. ബാക്കി എല്ലാം അതിന്റെ മക്കളാണ്. സമ്പത്ത് മാതാ പിതാക്കളിൽ നിന്ന് തന്നേയാണ് ലഭിക്കുന്നത്. ഇപ്പോൾ ബാബ സന്മുഖത്തിരുന്ന് മനസിലാക്കി തരുന്നു. ആ ഗീത പഠിച്ചത് കൊണ്ട് രാജാക്കന്മാരുടെ രാജാവാകുകയില്ല. ബാബ(ബ്രഹ്മാബാബ) ഗീത പഠിച്ചിട്ടുണ്ട്. എന്നാൽ അതിലൂടെ ഒന്നും ആയി തീർന്നില്ല. ഇവയെല്ലാം ഭക്തിമാർഗത്തിലെ ശാസ്ത്രങ്ങളാണ്, നിങ്ങൾ പുരുഷാർത്ഥം ചെയ്ത് 16 കലാ സമ്പൂർണ്ണരാകണം. ഇപ്പോൾ നിങ്ങളിൽ യാതൊരു കലയോ, ഗുണമോ ഇല്ല. നിർഗുണ ഹാരമായ എന്നിൽ യാതൊരു ഗുണവും ഇല്ല, അങ്ങ് ദയ ചൊരിഞ്ഞാലും......ഞങ്ങളെ വീണ്ടും 16 കലാ സമ്പൂർണ്ണരാക്കൂ. ഞങ്ങൾ എന്തായിരുന്നുവോ വീണ്ടും അങ്ങിനെയാക്കൂ. ഇപ്പോൾ നിങ്ങൾക്കറിയാം ബാബ സമീപം വന്ന് മനസിലാക്കി തരുന്നു എന്ന്. ഒരു നിർഗുണ സംഘടന തന്നെ ഉണ്ടാക്കിയിട്ടുണ്ട്. നിർഗുണം, നിരാകാരം എന്നതിന്റെ അർത്ഥം പോലും അറിയില്ല. ശിവന് രൂപം ഉണ്ട്. പേരുണ്ടെങ്കിൽ തീർച്ചയായും വസ്തുവും ഉണ്ടാകില്ലേ. ആത്മാവ് എത്ര സൂക്ഷ്മമാണ്, അതിനും പേരുണ്ട്. ആത്മാക്കൾ വസിക്കുന്ന ബ്രഹ്മ മഹതത്വം, അതും പേര് തന്നേയല്ലേ. നാമ രൂപങ്ങളിൽ നിന്ന് വേറിട്ട് യാതൊരു വസ്തുവും ഉണ്ടാകില്ല. ഭഗവാനെ നാമ രൂപങ്ങളിൽ നിന്ന് വേറിട്ടവൻ എന്ന് പറയുന്നു, പിന്നെ സർവ്വവ്യാപി എന്നും പറയുന്നു. ഇത് എത്ര വലിയ തെറ്റാണ്. ആളുകൾ ഈ കാര്യങ്ങളെല്ലാം മനസിലാക്കുമ്പോൾ നിശ്ചയം ഉണ്ടാകും. ബാബാ ഞങ്ങൾക്ക് അങ്ങയെ അറിഞ്ഞു. കൽപ്പ കൽപ്പം അങ്ങിൽ നിന്ന് രാജ്യഭാഗ്യമെടുത്ത് വരുന്നു. ഇങ്ങിനെ നിശ്ചയമുണ്ടെങ്കിൽ പഠിക്കാൻ കഴിയും. ഇവിടെ നിന്ന് പുറത്തിറങ്ങിയാൽ മറന്ന് പോകുന്നു അതിനാൽ ആദ്യമാദ്യം ശിവബാബ വന്നിരിക്കുന്നു, രാജയോഗം പഠിപ്പിക്കാൻ എന്ന് എഴുതിക്കണം. എഴുതി വെക്കും പിന്നെ പഠിക്കുന്നില്ല. രക്തം കൊണ്ടെല്ലാം എഴുതാറുണ്ട്. എന്നാൽ ഇന്ന് അവരില്ല, മായ എത്ര ശക്തിശാലിയാണ്. ബാബ എത്ര ഇരുന്ന് മനസിലാക്കി തരുന്നു. ഇങ്ങിനെ ഇങ്ങിനെ കത്തെഴുതുമ്പോഴാണ് നിങ്ങളുടെ തീവ്രഗതിയിലുള്ള സേവനം നടക്കുന്നത്. ചിലർ ചീഫ് കമാൻഡന്റ്, ചിലർ ക്യാപ്റ്റൻ, ചിലർ മേജർ, ചിലർ പട്ടാളക്കാരോടൊപ്പം ഭാരം ചുമക്കുന്നവരുമാണ്. മുഴുവൻ സേനയും ഉണ്ട്. ബാബ പുരുഷാർത്ഥം ചെയ്യിക്കുകയല്ലേ. ഇവർ രാജാവും റാണിയുമാകും, ഇവർ സമ്പന്ന പ്രജയാകും, ഇവർ സാധാരണ പ്രജയിൽ പോകും, ഇവർ ദാസ ദാസിമാരാകും എന്നെല്ലാം ഓരോരുത്തരും ചെയ്യുന്ന പുരുഷാർത്ഥത്തിൽ നിന്നും മനസിലാക്കാൻ സാധിക്കും. ഇവയെല്ലാം മനസിലാക്കാൻ വളരെ എളുപ്പമാണ്. അതിനാൽ ഏറ്റവും ആദ്യം മുഖ്യ കാര്യം കേൾപ്പിക്കണം. ബാബ മഹാരഥികളോട് എത്ര വെല്ലുവിളി നടത്തുന്നു. തീവ്രഗതിയിലുള്ള സേവനത്തിനുള്ള ആലോചനകൾ നടത്തണം. ശരി !

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1) പഠിത്തത്തിൽ ക്ഷീണിക്കരുത്. ഉയർന്നതിലും ഉയർന്ന പഠിത്തം ദിവസവും പഠിക്കുകയും പഠിപ്പിക്കുകയും വേണം.

2) വിഹംഗമാർഗത്തിലെ സേവനം ചെയ്യുന്നതിനുള്ള യുക്തികൾ രചിക്കണം. യോഗത്തിലിരുന്ന് ബാബയിൽ നിന്ന് ശക്തി എടുക്കണം. കൃപയും, ആശീർവ്വാദവും യാചിക്കരുത്.

## വരദാനം – വരദാനങ്ങളുടെ ദിവ്യ പാലനയിലൂടെ സഹജവും ശ്രേഷ്ഠവുമായ ജീവിത ത്തിന്റെ അനുഭവം ചെയ്യുന്ന സദാ ഭാഗ്യശാലിയായി ഭവിക്കട്ടെ.

ബാപ്ദാദ സംഗമയുഗത്തിൽ എല്ലാ കുട്ടികളെയും മൂന്നു സംബന്ധത്തിലൂടെ പാലിക്കുന്നു. അച്ഛന്റെ സംബന്ധത്തിലൂടെ സമ്പത്തിന്റെ സ്മൃതിയിലൂടെ പാലന, ശിക്ഷകന്റെ സംബന്ധത്തിലൂടെ പഠിപ്പിന്റെ പാലന, സത്ഗുരുവിന്റെ സംബന്ധത്തിലൂടെ വരദാനങ്ങളുടെ അനുഭൂതിയുടെ പാലന.. ഒരേ സമയത്ത് എല്ലാവരെയും കണ്ടുമുട്ടണം, ഇതേ ദിവ്യ പാലനയിലൂടെ സഹജവും ശ്രേഷ്ഠവുമായ ജീവിതത്തിന്റെ

അനുഭവം ചെയ്തുകൊണ്ടിരിക്കുന്നു. പരിശ്രമവും ബുദ്ധിമുട്ടും എന്ന വാക്കും സമാപ്തമാകട്ടെ അപ്പോൾ പറയാം സൗഭാഗ്യശാലി.

**സ്ലോഗൻ – ബാബയോടൊപ്പമൊപ്പം സർവ ആത്മാക്കളുടെയും സ്നേഹിയാകുക തന്നെയാണ് സത്യമായ സദ്ഭാവന**